## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5063 | 27.06.2019 ൽ മറുപടിക്ക്

### പ്രകൃതിവിരുദ്ധ പീഡന കേസിലെ പുനരന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | വെഞ്ഞാറമൂട് ആലിയാട് എ.പി.ആർ. നഗറിൽ പ്രവർത്തിച്ചുവരുന്ന, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള ആശ്രയ എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രത്തിലെ കുട്ടികളെ പ്രകൃതിവിരുദ്ധ പീഡനങ്ങൾക്ക് ഇരയാക്കിയ നിസ്സാർ എന്നയാൾക്കെതിരെ 2018 ജൂലൈ മാസം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം.1048/18 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിലെ പ്രതിയെ പിടികൂടിയിട്ടുണ്ടോ; എങ്കിൽ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി യിട്ടുള്ളതും കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കേസിന്റെ ചാർജ്ജ് ഷീറ്റ് 29.09.2018 ൽ ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും സി.പി.140/2018 പ്രകാരം കോടതിയിൽ വിചാരണ യിലുമാണ്. |
| (സി) | പ്രസ്തുത കേസ് അന്വേഷണം സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; | (സി) | പരാതി ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത കേസിൽ ഉന്നതതല പുനരന്വേഷണം നടത്തി കുറ്റക്കാർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | പ്രസ്തുത കേസ് സി.പി.140/2018 പ്രകാരം ബഹു.കോടതിയിൽ വിചാരണയിലാണ്. |
| (ഇ) | ഈ സ്ഥാപനത്തിൽ മേലിൽ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഇ) | മുൻകരുതൽ എന്ന നിലയിൽ പുനരധിവാസ കേന്ദ്രങ്ങളിൽ ജോലിക്ക് നിയമിക്കുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധ മാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ